**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2453 05.11.2019-ലെ മറുപടിക്ക്

## റൈസ് പാർക്കിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ; | പാലക്കാട് ജില്ലയിൽ റൈസ് പാർക്ക് നിർമ്മിക്കുന്നതിനു കിൻഫ്രയുടെ അധീനതയിലുള്ള സ്ഥലമാണ് തിരഞ്ഞെടുത്തിരിക്കുന്നത്.ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് "കിറ്റ്കോയെ "ചുമതലപ്പെടുത്തുകയും, കിറ്റ്കോ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നെല്ലും അരിയും വിഷയങ്ങളായി പരിഗണിച്ച് പ്രവർത്തിക്കുന്ന വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടി സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് കിറ്റ്കോ കോയമ്പത്തൂരിലെ തമിഴ് നാട് കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി സെന്റർ, തഞ്ചാവൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി, മൈസൂരിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങൾ സന്ദർശിക്കുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയുമാണ്. |

| | |
|---|---|
| (ബി) പ്രസ്തുത റൈസ് പാർക്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും, പ്രവർത്തന രീതിയും, ആയതിന്റെ ആകെയുള്ള അടങ്കൽ തുകയും എത്രയാണ് എന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | നെൽകൃഷിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടർ കൈവരിക്കുന്നതിനും നെൽകൃഷി കൂടുതൽ ആദായകരമാക്കുന്നതിനും ലക്ഷ്യമിട്ടാണ് അന്തർദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിൽ നലൊരു പങ്ക് റൈസ് പാർക്കുകളിൽ സംസ്കരിച്ച് അരിയിൽ നിന്ന് അരിപ്പൊടിയും അതിൽനിന്ന് റെഡി ടു ഈറ്റ് ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കും, നെല്ലും അരിയും ഉൽപ്പന്നങ്ങളും സൂക്ഷിക്കുന്ന വിപുലമായ ഗോഡൗൺ സൗകര്യങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ, ട്രേഡ് സെന്റർ തുടങ്ങിയവ ഉൾപ്പെടുന്നതായിരിക്കും പ്രസ്തുത പാർക്കുകൾ. ഇത്തരം മൂല്യവർദ്ധന ഉല്പാദന പ്രക്രിയയുടെ നേട്ടം കൃഷിക്കാർക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.<br>പാലക്കാട് റൈസ് പാർക്ക് പദ്ധതിക്കായി ഭൂമി വിലയുൾപ്പെടെ 2790.00 ലക്ഷം രൂപയുടെ അടങ്കൽ തുകയാണ് കണക്കാക്കിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**